പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5205 31.10.2016 — ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. ആർ.രാജേഷ് ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

## കടാശ്വാസ പദ്ധതി

| | | |
|---|---|---|
| എ | ഏതൊക്കെ വിഭാഗ ത്തിൽപ്പെട്ട ആളുകൾക്കാണ് മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതെന്ന് വിശദമാക്കുമോ? | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്ന ആളുകൾക്കാണ് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20.08.2016ലെ സ.ഉ.(പി)നം,118/2016/ധന പ്രകാരം രൂപീകരിച്ചിട്ടുള്ള ഒറ്റത്തവണ കടാശ്വാസ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നത്.<br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്.<br>മേൽ പ്രകാരമുള്ള വായ്പാസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത (അർഹതാ പട്ടികയിൽ ഇടം നേടിയ) വ്യക്തി/നിയമാനുസൃത അനന്തരാവകാശിയുടെ ചുവടെചേർക്കും പ്രകാരമുള്ള അർഹതാ തുകയ്ക്കാണ് കടാശ്വാസത്തിന്റെ (പൂർണമായും എഴുതിത്തള്ളുന്നതിന്റെ) ആനുകൂല്യം ലഭിക്കുന്നത്<br>(i) റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള Low Income Group Housing (LIGH), Middle Income Group Housing (MIGH) വായ്പകളിലെ കുടിശ്ശിക തുക<br>(ii) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും, മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതുമായ വായ്പകൾ |

| | | |
|---|---|---|
| | | (iii) വായ്പാ സ്ഥാപനങ്ങളിൽ നിന്ന് അനുവദിക്കപ്പെട്ട പരമാവധി അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയതിൽ ബാക്കി നിൽക്കുന്ന തുക<br><br>മേൽ പ്രകാരമുള്ള വായ്പാസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത (അർഹതാ പട്ടികയിൽ ഇടം നേടിയ) വ്യക്തി/നിയമാനുസൃത അനന്തരാവകാശിയുടെ ചുവടെചേർക്കും പ്രകാരമുള്ള അർഹതാ തുകയ്ക്കാണ് പലിശ/പിഴപ്പലിശ എഴുതിത്തള്ളുന്നതിന്റെ ആനുകൂല്യം ലഭിക്കുന്നത്<br><br>(i) കേരള സംസ്ഥാന ഭവന നിർമ്മാന ബോർഡിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ച് തീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.<br><br>(ii) റവന്യൂ വകുപ്പ് ഒഴികെയുള്ള വായ്പാസ്ഥാപനത്തിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ച് തീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**